## ഇ.എസ്.ഐ. ആശുപത്രികൾക്ക് ഉപദേശക സമിതികൾ

73 [2844] ശ്രീ. എ. എ. അസീസ് :

,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ.എസ്.ഐ. ഡിസ്പൻസറികളോടും, ആശുപത്രികളോടും അനുബന്ധിച്ചിട്ടുള്ള ക്വാർട്ടേഴ്സുകൾ ജീവനക്കാരല്ലാത്തവർ കൈവശപ്പെടുത്തി താമസിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇ.എസ്.ഐ. ആശുപത്രികളും ഡിസ്പൻസറികളും കേന്ദ്രീകരിച്ച് ഉപദേശക സമിതികൾ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇ.എസ്.ഐ. ആശുപത്രി, ഡിസ്പൻസറി എന്നിവയോട് അനുബന്ധിച്ചിട്ടുള്ള ക്വാർട്ടേഴ്സുകൾ ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പിന്റെ കീഴിലുള്ള ജീവനക്കാർക്കാണ് അനുവദിക്കുന്നത്, എന്നാൽ ക്വാർട്ടേഴ്സുകളിൽ താമസിച്ചുവരവേ ജോലിയിൽ നിന്നും വിരമിക്കുന്ന ജീവനക്കാർ ആവശ്യപ്പെടുകയാണെങ്കിൽ നിയമപ്രകാരമുള്ള സമയ പരിധി കൂട്ടി തുടർന്ന് താമസിക്കുവാൻ അനുവാദം നൽകാറുണ്ട്. അതുപോലെ തന്നെ ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പിനു കീഴിലുള്ള ജീവനക്കാർക്ക് ക്വാർട്ടേഴ്സുകൾ ആവശ്യമില്ലാത്ത സാഹചര്യങ്ങളിൽ ഒഴിഞ്ഞുകിടക്കുന്ന ക്വാർട്ടേഴ്സുകൾ ഇ.എസ്.ഐ. കോർപ്പറേഷന്റെ ജീവനക്കാർക്ക് അനുവദിക്കാറുണ്ട്.

(ബി) ഇ.എസ്.ഐ. ആശുപത്രികളുടെ വികസനം ലക്ഷ്യമാക്കി വിപുലമായ അധികാരങ്ങളോടുകൂടി ആശുപത്രി വികസന സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഇ.എസ്.ഐ. ഡിസ്പൻസറികളുടെ പ്രവർത്തനം ലോക്കൽ കമ്മിറ്റികളും അവലോകനം ചെയ്യുന്നുണ്ട്.

## ഇ.എസ്.ഐ. ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട ചികിൽസാ സൗകര്യങ്ങൾ

74 [2846] ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ.എസ്.ഐ. ഡിപ്പാർട്ടുമെന്റിലെ സർവ്വീസ് ക്വാട്ടയിൽ പി. ജി. സ്പെഷ്യലൈസേഷൻ കഴിഞ്ഞ ഡോക്ടർമാരുടെ ഉന്നത വിദ്യാഭ്യാസ യോഗ്യത ഇ.എസ്.ഐ. ഗുണഭോക്താക്കൾക്ക് ഉപകരിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഡിസ്പൻസറി തലത്തിൽ ക്യാംപുകൾ സംഘടിപ്പിച്ച് ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട ചികിൽസാ സൗകര്യങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇ.എസ്.ഐ. ആശുപത്രി, ഡിപ്പാർട്ടുമെന്റിലെ സർവ്വീസ് കാറ്റഗറിയിൽ പി. ജി. സ്പെഷ്യലൈസേഷൻ കഴിഞ്ഞ ഡോക്ടർമാരെ വിവിധ ഇ.എസ്.ഐ. ആശുപത്രികളിൽ അനുവദിച്ചിട്ടുള്ള സ്പെഷ്യലിസ്റ്റ് തസ്തികകളിൽ നിയമിക്കുന്നുണ്ട്.

(ബി) ഡിസ്പെൻസറി തലത്തിൽ ഇ.എസ്.ഐ. ഡോക്ടർമാരുടെ സേവനം ഉപയോഗിച്ച് മെഡിക്കൽ ക്യാംപുകൾ സംഘടിപ്പിക്കുന്നതാണ്.

വടകര നാദാപുരം റോഡിലോ, കൈനാട്ടിയിലോ ഇ.എസ്.ഐ. ആശുപത്രി സ്ഥാപിക്കാൻ നടപടി

75 [2847] ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ.എസ്.ഐ. ആശുപത്രികൾ തുടങ്ങാൻ സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ആയിരത്തി അഞ്ഞൂറോളം സ്ഥിരം തൊഴിലാളികൾ ജോലി ചെയ്യുന്ന ലേബർ കോൺട്രാക്റ്റ് സൊസൈറ്റിയിലേയും കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളിലേയും തൊഴിലാളികളുടെ താൽപ്പര്യം കണക്കിലെടുത്ത് വടകര നാദാപുരം റോഡിലോ കൈനാട്ടിയിലോ ഇ.എസ്.ഐ. ആശുപത്രി സ്ഥാപിക്കാൻ സർക്കാർ സന്നദ്ധമാകുമോ?

ഉത്തരം

(എ) 50,000 ഇൻ പേഷ്യന്റ് ഫാമിലി യൂണിറ്റുകൾക്ക് 50 കിടക്കകളുള്ള ഒരു ഇ.എസ്.ഐ. ആശുപത്രി എന്ന നിലയിലാണ് ഇ.എസ്.ഐ. ആശുപത്രികൾ ആരംഭിക്കുന്നത്.

(ബി) പുതുതായി ഒരു ഇ.എസ്.ഐ. ആശുപത്രി സ്ഥാപിക്കുവാൻ പര്യാപ്തമായ എണ്ണം തൊഴിലാളികൾ വടകര, നാദാപുരം, കൈനാട്ടി എന്നീ സ്ഥലങ്ങളിൽ ഇല്ല.

കൊട്ടിയത്ത് ഇ.എസ്.ഐ. ലോക്കൽ ആഫീസ് സ്ഥാപിക്കാൻ നടപടി

76 [2848] ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ ഇ.എസ്.ഐ. ലോക്കൽ ആഫീസ് വിഭജിച്ച് ഒരു ഭാഗം കൊട്ടിയം ഇ.എസ്.ഐ. ഡിസ്പൻസറി കോംപൗണ്ടിൽ സ്ഥാപിക്കുവാൻ ഇ.എസ്.ഐ. റീജിയണൽ ബോർഡ് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;



LIBRARY ARCHIVES Kerala Legislative Assembly